Nidas

NISH Online Interactive Disability Awareness Seminar- 36

Frequently Asked Questions (FAQ)

**“കുട്ടികളിലെ വൈകിയുള്ള ബൗദ്ധിക ശാരീരിക വളർച്ച (ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലെ): എന്ത് ചെയ്യണം?”**

**19 ജനുവരി 2018**

**1. ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലെ (ജി. ഡി. ഡി.) എന്നാൽ എന്ത്?**

വളർച്ചയുടെ നാഴികക്കല്ലുകളിൽ വളരെ വൈകി മാത്രം എത്തുകയും ഒന്നോ അതിലധികമോ മേഖലകളിൽ കാര്യമായ പരിമിതികൾ കാണുകയും ചെയ്യുകയാണെങ്കിൽ ആ കുഞ്ഞിന് വൈകിയുള്ള ബൗദ്ധിക ശാരീരിക വളർച്ചയാണെന്നു പറയാം.

**2. Seizure അഥവാ ജന്നി വന്നാൽ ജി ഡി ഡി വരാൻ സാധ്യതയുണ്ടോ?**

Seizure അഥവാ ജന്നി വന്നാൽ ജി ഡി ഡി വരാനുള്ള സാധ്യതയുണ്ട്. എന്നാൽ എല്ലായിപ്പോഴും ഇത് സംഭവിക്കണമെന്നില്ല

**3. ജി. ഡി. ഡി. കാരണമാണോ എല്ലായിപ്പോഴും കുഞ്ഞിന്റെ കൈകാലുകൾക്ക് ബലക്കുറവ് ഉണ്ടാകുന്നത്?**

ജി. ഡി. ഡി. കാരണവും കുഞ്ഞിന്റെ കൈകാലുകൾക്ക് ബലക്കുറവ് ഉണ്ടാകാം. എന്നാൽ മറ്റുപല കാരണങ്ങളാലുമാകാൻ സാധ്യതയുണ്ട്. ഉദാഹരണമായി കുഞ്ഞിന്റെ തലച്ചോറിലുണ്ടാകുന്ന ക്ഷതം കൈകാലുകൾക്ക് ബലക്കുറവുണ്ടാകാൻ കാരണമാകുന്നു.

**4. ജി. ഡി. ഡി. ഉള്ള കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിൽ (feeding problems) ബുദ്ധിമുട്ടുണ്ടാകാറുണ്ടോ?**

80% കുട്ടികളിലും ഈ പ്രശ്നം കണ്ടുവരുന്നു. അതിനാൽ ഇത് വേണ്ട രീതിയിൽ പരിഹരിച്ചില്ലെങ്കിൽ പോഷകാഹാരക്കുറവ് കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു.

**5. ജി. ഡി. ഡി. ഉള്ള കുട്ടികൾക്ക് ഫലപ്രദമായി ആശയവിനിമയം നടത്താനുള്ള ഏതെല്ലാം ഉപാധികൾ ഇന്ന് നിലവിൽ ഉണ്ട്?**

കുഞ്ഞുങ്ങൾക്ക് ആശയവിനിമയത്തിന് പല ഉപാധികൾ നിലവിലുണ്ട്.

1. വാക്കാലുള്ള ആശയവിനിമയം
2. വാക്കാലല്ലാതെയുള്ള ആശയവിനിമയം

1) വാക്കാലുള്ള ആശയവിനിമയം: ഭാഷയുടെ സഹായത്തോടെയും സംസാരത്തിലൂടെയും നടത്തുന്ന ആശയവിനിമയം. ഉദാ: സംസാരം

2) വാക്കാലല്ലാതെയുള്ള ആശയവിനിമയം: ആംഗ്യം കൊണ്ടോ, മുഖത്തെ ഭാവ വ്യതാസങ്ങൾ കൊണ്ടോ, ശരീര ഭാഷകൊണ്ടോ, ഏതെങ്കിലും ഉപകരണങ്ങളുടെ സഹായത്തോടെയോ നടത്തുന്ന ആശയവിനിമയം.

**6. ജി ഡി ഡി ഉള്ള കുട്ടികൾക്ക് മറ്റുകുട്ടികളെ പോലെ സംസാരിക്കാൻ സാധിക്കുകയില്ലേ?**

ജി ഡി ഡി ഉള്ള കുട്ടികൾക്ക് മറ്റുകുട്ടികളെ പോലെ സംസാരിക്കാൻ സാധിക്കുമോ എന്നത് പല ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ പറയാൻ സാധിക്കുകയുള്ളു. ഉദാ: കുട്ടിക്ക് സ്പീച് തെറാപ്പി കൊടുത്തു തുടങ്ങിയ പ്രായം, അതിന്റെ തീവ്രത, കുട്ടിയുടെ മാനസിക അവസ്ഥ, കുട്ടിയുടെ നിലവിലെ കഴിവുകൾ എന്നിവ.

**7. ജി ഡി ഡി ഉള്ള കുട്ടികളിൽ സംസാരിക്കാൻ വൈകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?**

കുട്ടി സംസാരിക്കാൻ വൈകുന്നതിന് പ്രത്യേകമായി ഒരു കാരണം പറയാൻ സാധിക്കുകയില്ല. കുഞ്ഞു ജനിക്കുന്നതിനു മുൻപോ, ജനന സമയത്തോ അതിനു ശേഷമോ ഉണ്ടാകുന്ന സങ്കീർണതകൾ, തലച്ചോറിനുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ കുട്ടിയുടെ വൈകിയുള്ള ശാരീരിക ബൗദ്ധിക വളർച്ചയെ സാരമായി ബാധിക്കാവുന്നതാണ്.

**8. ജി ഡി ഡി ഉള്ള കുട്ടികളിലെ സംസാരത്തിലുള്ള വ്യക്തത കുറവ് എങ്ങനെ പരിഹരിക്കാം?**

വളരെ ചെറിയ പ്രായത്തിൽ തന്നെ സ്പീച് തെറാപ്പി കൊടുക്കുന്ന കുട്ടികൾക്ക് സംസാരത്തിലെ വ്യക്തത കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നു. എന്നാൽ പ്രായപരിധിക്കപ്പുറം പല പരിശീലനങ്ങൾ നൽകുന്നതിലും പരിമിതികളുണ്ട്. അതിനു കാരണം തലച്ചോറിന്റെ വികാസം ഏറ്റവും കൂടുതൽ നടക്കുന്നത് ചെറിയ പ്രായത്തിലാണ്.

**9. ജി ഡി ഡി- ഓടുകൂടി ജനിച്ച കുഞ്ഞു മുതിർന്നുകഴിഞ്ഞാൽ പുനഃരധിവാസത്തിനുള്ള ഏതെല്ലാം അവസരങ്ങളാണുള്ളത്?**

ഈ അവസ്ഥയിലുള്ള മുതിർന്ന കുട്ടികളുടെ നിലവിലുള്ള പ്രായം, കഴിവുകൾ, എന്നിവയെ അടിസ്ഥാനമാക്കി പല രീതിയിലുള്ള പരിശീലനങ്ങൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നു.
ഉദാ: ജീവിത നൈപുണ്യ വികസനം (ലൈഫ് സ്കിൽ ട്രെയിനിങ്), സാക്ഷരതാ പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം.

**10. ജി ഡി ഡി ഉള്ള കുട്ടികൾക്ക് ബുദ്ധിവൈകല്യം സംഭവിക്കാനുള്ള സാധ്യതയുണ്ടോ?**

പ്രധാനമായും ഒരു കുഞ്ഞിന്റെ തലച്ചോറിന്റെ വികാസത്തെ ആശ്രയിച്ചാണ് ബുദ്ധിശേഷിയുടെ വളർച്ച നിർണയിക്കപ്പെടുന്നത്. ഇത് പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. പാരമ്പര്യ ഘടകങ്ങൾ, പാരിസ്ഥിതിക ഘടകങ്ങൾ, സ്വാഭാവിക വളർച്ച ക്രമം എന്നിവ അതിൽ ഉൾപ്പെടുന്നു.

## കൂടുതൽ വിവരങ്ങൾക്ക്


**മിസ് . അശ്വതി എ. കെ** 9539782099

സ്പീച്ച് ലാംഗ്വേജ് പാതോളജിസ്റ്റ്

ഡിപ്പാർട്ട്മെൻറ് ഓഫ് ന്യൂറോ ഡെവലപ്മെൻറൽ സയൻസ്

നിഷ്, തിരുവനന്തപുരം

**ശ്രീമതി. രജിത എൽ.** 0471 3066638

സോഷ്യൽ വർക്കർ

നിഷ്, ആക്കുളം, തിരുവനന്തപുരം

**നിഡാസ് ടീം** 0471 3066675

നിഷ്, ആക്കുളം, തിരുവന്തപുരം